# Desabhimani

## 28 August 2018

## Kochi , After Flood,
## Teachers,Handbooks ,Childeren , Lost Book

# പുസ്തകങ്ങൾ നഷ്ടപ്പെട്ട കുട്ടികൾക്ക് അധ്യാപകർ കൈപ്പുസ്തകം നൽകുന്നു

**കൊച്ചി**

പ്രളയദുരിതത്തിൽ പാഠപുസ്തകങ്ങളും പഠനോപകരണങ്ങളും നഷ്ടപ്പെട്ട കുട്ടികൾക്ക് ആശ്വാസമേകാൻ കെഎസ്ടിഎ കൈപ്പുസ്തകം തയ്യാറാക്കി നൽകുന്നു. ഒന്നു മുതൽ ഏഴുവരെയുള്ള ക്ലാസുകളിലെ കുട്ടികൾക്ക് ഒന്നാം പാദത്തിലെ പ്രധാന പഠനനേട്ടങ്ങൾക്ക് ഊന്നൽ നൽകിയാണ് 'കുട്ടികളോടൊപ്പം' എന്ന കൈപ്പുസ്തകം തയ്യാറാക്കുന്നത്.

കുട്ടികളുടെ മാനസിക സംഘർഷം കുറയ്ക്കാനുള്ള കുറിപ്പുകൾ, പകർച്ചവ്യാധികളെ പ്രതിരോധിക്കാനുള്ള കുറിപ്പുകൾ, മഴയേയും പുഴയേയും സ്നേഹിക്കുന്നതിനുള്ള രസകരമായ പഠന പ്രവർത്തനങ്ങൾ തുടങ്ങിയവയും അനുബന്ധമായി ചേർത്തിട്ടുണ്ട്. കെഎസ്ടിഎ അക്കാദമിക് കൗൺസിലിന്റെ നേതൃത്വത്തിൽ ജില്ലയിലെ വിദഗ്ധരായ അധ്യാപകരെ പങ്കെടുപ്പിച്ച് മൂന്നുദിവസങ്ങളിലായി നടത്തിയ ശിൽപ്പശാലയിലൂടെയാണ് കൈപ്പുസ്തകത്തിന് രൂപം നൽകിയത്. ജില്ലാ അക്കാദമിക് കൗൺസിലർ ജോസ്പെറ്റ് ജേക്കബ്ബ്, ഏലിയാസ് മാത്യു, ടി ടി പൗലോസ്, ടി പി പത്രോസ് എന്നിവർ കൈപുസ്തക നിർമാണത്തിന് നേതൃത്വം നൽകി. കെഎസ്ടിഎയുടെ ശുചിത്വസേന ഇതിനകം 21 വിദ്യാലയങ്ങൾ ശുചീകരിച്ചു.

# ഒരുമാസത്തെ ശമ്പളം നൽകും

**കളമശേരി**

പ്രളയദുരന്തത്തിൽ തകർന്നടിഞ്ഞ കേരളത്തെ പുനർനിർമിക്കാൻ ഒരുമാസത്തെ ശമ്പളം നൽകണമെന്ന മുഖ്യമന്ത്രിയുടെ ആഹ്വാനം സ്വാഗതം ചെയ്യുന്നതായി കോൺഫെഡറേഷൻ ഓഫ് യൂണിവേഴ്സിറ്റി എംപ്ലോയീസ് ഓർഗനൈസേഷൻസ് (കേരള) സെക്രട്ടറി ഹരിലാൽ പ്രസ്താവനയിൽ പറഞ്ഞു.



ദുരിതാശ്വാസനിധിയിലേക്ക് നാഷണൽ യൂണിയൻ ഓഫ് സീ ഫെയറേഴ്സ് ഓഫ് ഇന്ത്യ നൽകുന്ന 10 ലക്ഷം രൂപയുടെ ചെക്ക് കൊച്ചി ബ്രാഞ്ച് സെക്രട്ടറി വിനയ്കുമാർ പൈ മുഖ്യമന്ത്രി പിണറായി വിജയന് കൈമാറുന്നു